മലയാള മനോരമ

08 September 2026

# നീളമെത്ര? മീൻ തൊട്ടു 'കൂട്ടാം'

## 'മത്സ്യമെട്രി' ആപ്പുമായി സിഎംഎഫ്ആർഐ

കൊച്ചി • മീനുകളെ തൊടാതെ നീളവും വീതിയും കൃത്യമായി അളക്കാൻ സഹായിക്കുന്ന 'മത്സ്യമെട്രി' മൊബൈൽ ആപ് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) വികസിപ്പിച്ചു. വിവരശേഖരണത്തിനു പ്രയോജനകരമായ ആപ്, ഫീൽഡ് സർവേ എളുപ്പമാക്കും.

ഫോൺ ക്യാമറ മീനുകൾക്കുനേരെ പിടിക്കുമ്പോൾ സ്ക്രീനിൽ തെളിയുന്ന മെഷറിങ് ഗൈഡ് വഴിയാണു നീളവും വീതിയും അളക്കുന്നത്. ഒരേ ഇനത്തിലെ ഒന്നിലേറെ മീനുകളുടെ അളവ് ഒറ്റ സാംപ്ലിങ് സെഷനിൽതന്നെ ആപ്പിൽ രേഖപ്പെടുത്താം. ഈ വിവരങ്ങൾ ഓട്ടമാറ്റിക് വർഗീകരണത്തിലൂടെ ശാസ്ത്രീയപഠനങ്ങൾക്ക് ഉപയോഗിക്കുകയും ചെയ്യാം.

സിഎംഎഫ്ആർഐ സീനിയർ സയന്റിസ്റ്റും ഐസിഎആർ നാഷനൽ ഫെലോയുമായ ഡോ. എൽദോ വർഗീസാണ് ആപ് വികസിപ്പിച്ചത്. എആർ കോർ ഉള്ള ആൻഡ്രോയ്ഡ് ഫോണുകളിൽ പ്രവർത്തിക്കും.

manorama ONLINE
DOWNLOAD APP